"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം തൊടിയൂർ ഗ്രാമപഞ്ചായത്തിൽ ജി.പി.എസ് പ്രവർത്തിക്കാത്ത കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന് ചെലവായ തുക കരാറുകാരന് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2378/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/12/2020

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 07/09/2020 തീയ്യതിയിലെ PAN/15839/2019-J6(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം തൊടിയൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ജി.പി.എസ് പ്രവർത്തിക്കാത്ത കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന് ചെലവായ 48,750/- രൂപ കരാറുകാരന് നൽകുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടുള്ള തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .കൊല്ലം തൊടിയൂർ ഗ്രാമപഞ്ചായത്തിനു 18/04/2019 മുതൽ 24/06/2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ ജി.പി.എസ് പ്രവർത്തിക്കാത്ത കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന് ചെലവായ 48,750/-(നാല്പത്തെട്ടായിരത്തി എഴുന്നൂറ്റി അമ്പത് ) രൂപ കരാറുകാരന് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി തൊടിയൂർ ഗ്രാമപഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(ത.സ്വ.ഭ.വ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.22 12:44:23 IST
Reason: Approved